

THURSDAY 20.07.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/07/2023.

1. കാർഷിക സർവകലാശാല, ഫലവർഗ്ഗ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വിവിധ ഇനം മാവ്, പ്ലാവ് നാരകം, ആത്തച്ചക്ക, അരിനെല്ലി, കറിവേപ്പ്, കവുങ്ങ്, കുരുമുളക് തുടങ്ങിയവയുടെ മുന്തിയ ഇനം തൈകളും ജൈവവളങ്ങളും വില്പനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കോഴിക്കോട് ജില്ലയിലെ കക്കോടി കൃഷി ഭവനിൽ കുറ്റ്യാടി നാടൻ ഇനം (ഡബ്ലിയു സി ടി) തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വില്പനയ്ക്കായി എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കക്കോടി കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കക്കോടി കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9656745454 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 24 മുതൽ 26 വരെ (24.07.2023 മുതൽ 26.07.2023) കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ് /പ്രോക്യൂർമെന്റ് അസിസ്റ്റന്റ് മാർക്ക് പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 21.07.2023 ന് വൈകുന്നേരം 5 മണിക്ക് മുൻപായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് 50 ടൺ മെയ്സ് സൈലേജ് (Maize Silage) വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 27 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. റബ്ബർ ബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിൽ 'ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റുഫോമു'മായി ബന്ധപ്പെട്ട ജോലികൾക്ക് 'ബിസിനസ്സ് ട്രെയിനി' ആയി താൽകാലികാടിസ്ഥാനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ മാസ്റ്റർ ഓഫ് ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ (മാർക്കറ്റിങ്)-ൽ ബിരുദമോ ഇക്കണോമിക്സിൽ മാസ്റ്റർ ബിരുദമോ ഉള്ളവരും കംപ്യൂട്ടർ പരിചയം ഉള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/ സെയിൽസ്/മാർക്കറ്റ് റിസേർച്ച് എന്നിവയിലെ പ്രവൃത്തിപരിചയം അഭികാമ്യം. കോട്ടയത്ത് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിലെ ഒരു ഒഴിവിലേക്കാണ് നിയമനം. താത്പര്യമുള്ളവർ 2023 ജൂലൈ 21-ന് വൈകിട്ട് 5.00 മണിക്ക് മുമ്പായി ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം, കോട്ടയം-9 എന്ന വിലാസത്തിൽ അപേക്ഷകൾ നൽകിയിരിക്കണം. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അർഹത നേടുന്നവരുടെ ലിസ്റ്റും ഇന്റർവ്യൂ തീയതിയും റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി അവർ ഹാജരാകേണ്ടതാണ്. ഇതു സംബന്ധിച്ച് മറ്റ് അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക.

### പരിശീലന പരിപാടി

6. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഈ മാസം 25, 26 തിയതികളിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 81-13-89-31-59 ലേക്ക് whatsapp ചെയ്യുകയോ 0471-2501706 ലേക്ക് പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കരുതേണണ്ടതാണ്.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 25 ന് (25/07/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. വെള്ളായണി കാര്ഷിക കോളേജിൽ പൂന്തോട്ട നിർമ്മാണം, നഴ്സറി പരിപാലനം, സൂക്ഷ്മ ജലസേചനം എന്നീ വിഷയങ്ങളിൽ ഈ മാസം 27,29 (ജൂലൈ 27, 29) തീയതികളിലായി ദ്വദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 600 രൂപ. രാവിലെ 10 മുതൽ വൈകുന്നേരം 4

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വരെയാണ് പരിശീലന സമയം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും നഴ്സറി നിർമാണത്തെ കുറിച്ചുള്ള പുസ്തകവും നൽകുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 8606631545 എന്ന നമ്പരിലേക്ക് വിളിക്കുകയോ പേരും ഫോൺ നമ്പരും വാട്ട്സ്ആപ്പ് സന്ദേശം അയച്ചോ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495118208 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

9. കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് ഈ മാസം 25 ന് (25.7.23) രാവിലെ 10 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ** എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. ആടുകളുടെ വിവിധ ഇനം ബ്രീഡുകൾ, തെരെഞ്ഞെടുപ്പ് ശാസ്ത്രീയമായ തീറ്റക്രമം, ആട്ടിൻകൂട് നിർമ്മാണം, ആരോഗ്യ പരിപാലനം, ശാസ്ത്രീയ പ്രജനന രീതി തുടങ്ങി ആദായകരമായ ആട് വളർത്തൽ നടത്തുന്നതിന് വേണ്ട ശാസ്ത്രീയ നിർദ്ദേശങ്ങൾ, മാർക്കറ്റിംഗ്, ആട് ഫാം പ്രൊജക്റ്റ് എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ്സും ആട് ഫാം സന്ദർശനവും ഉൾപ്പെടുത്തിയാണ് ട്രെയിനിങ് ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത ട്രെയ്നിങ്ങിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 22.7.23 നുള്ളിൽ 0487-2370773 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ (10 am -5 pm) വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

മൃഗസംരക്ഷണ നിർദ്ദേശം - കോഴിപരിപാലനം -പാദരോഗം സാധാരണ പാദരോഗം കണ്ടുവരുന്നത് കോഴികളിലും താറാവിലുമാണ്. പരിസരവും കൂടും വൃത്തിയില്ലാത്തതാണ് ഈ രോഗത്തിൻറെ പ്രധാന കാരണം. പാദങ്ങളുടെ അടിയിൽ ചുവന്നതും കറുത്തതുമായ തടിപ്പാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. പ്രതിരോധം മാർഗ്ഗം - കൂടിന്റെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, നടക്കുന്നതിനായി മൃദുവായ പ്രതലം ഒരുക്കുക. ഇന്തുപ്പ് അല്ലെങ്കിൽ നിയോസ്പോറിൻ പൊടി ഉപയോഗിച്ച് കാൽ പാദം മുറുക്കെ കെട്ടിവെക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം